"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിൽ ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ ശ്രീ. വാവ, അഞ്ചൊടിയൽ - ന് ലൈഫ് മിഷൻ പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2422/2023/LSGD തീയതി,തിരുവനന്തപുരം, 06-12-2023

---

പരാമർശം:-

1. ഉദയനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/06/2023 ലെ കത്ത്.
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷന്റെ 19/10/2023 ലെ 4446/സി.സി/2019/ലൈഫ്(7) നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 26/10/2023 ലെ യോഗത്തിന്റെ 2.7 ഖണ്ഡിക 4.31 തീരുമാനം.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ ലൈഫ് 2020 ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയപ്പോൾ ശ്രീ. വാവ, അഞ്ചൊടിയൽ ക്ലറിക്കൽ പിശകുമൂലം അനർഹരുടെ പട്ടികയിൽ ഉൾപ്പെട്ടെന്നും, ടിയാനെ അർഹരുടെ പട്ടികയിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം 1 പ്രകാരം ഉദയനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക പരിഗണനയ്ക്കായി ലഭിച്ച അപേക്ഷയിൽ ശ്രീ. വാവ, അഞ്ചൊടിയൽ അർഹനാണെന്ന് കണ്ടെത്തുകയും, പ്രസ്തുത വിവരം സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി അംഗീകരിക്കാത്തതിനാലാണ് ടിയാൻ അന്തിമ പട്ടികയിൽ ഉൾപ്പെടാതിരുന്നതെന്നും, ടിയാളുടെ വീട് വാസയോഗ്യമല്ലെന്നും ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിനാൽ ടിയാനെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ ശിപാർശ ചെയ്തു.

26/10/2023 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗം ഈ വിഷയം പരിശോധിച്ചു. കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ ശ്രീ. വാവ, അഞ്ചൊടിയൽ ന് ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന്

ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ഉദയനാപുരം ഗ്രാമപഞ്ചായത്ത്, കോട്ടയം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 07-12-2023 11:16:47
സെക്ഷൻ ഓഫീസർ